# ഖുർആനിലെ ശാസ്ത്രസൂചനകൾ

jthrees@hotmail.com

## ഭൂമിയിലെ വിഭവങ്ങൾ

### 1. ജലം

ഖുർആൻ പറഞ്ഞു: *"അവൻ ജലത്തിൽനിന്നും എല്ലാ ജീവനുള്ളതിനെയും സൃഷ്ടിച്ചിരിക്കുന്നു."* ജലമാണ് ജീവൻെറ ആദ്യഘടകം. പ്രപഞ്ചത്തിലെ അതുല്യമായ നിക്ഷേപങ്ങളിൽ ഒന്നാണ് ജലം. ജലം ലഭ്യമല്ലാത്ത അവസ്ഥ അചിന്ത്യമാണ്.

ദ്രവമായും ഖരമായും വാതകമായും മാറി ജീവജാലങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുകയും കാലാവസ്ഥയെ നിയന്ത്രിക്കുകയും വാതാനുകൂലനങ്ങളെ സഹായിക്കുകയും ചെയ്യുന്ന ഭൂമിയിലെ ഈ ജലചക്ര സംവിധാനം എങ്ങനെ നിയന്ത്രിക്കപ്പെടുന്നു? അതെപ്പറ്റി ഇനിയും പഠനം നടക്കേണ്ടതുണ്ട്. ഖുർആൻ പറഞ്ഞു:

*"അല്ലാഹുവാണ് അവൻെറ കാരുണ്യത്തിൻെറ മുന്നോടിയായി കാറ്റുകളെ അയക്കുന്നവൻ. ഒടുവിൽ ജലഭാരം തിങ്ങുന്ന മേഘത്തെ അവ വഹിക്കുമ്പോൾ മൃതപ്രായമായ ഒരു പ്രദേശത്തേക്ക് അതിനെ നാം നയിക്കുകയും അങ്ങനെ അതുമൂലം നാം വെള്ളം ചൊരിയുകയും എല്ലാത്തരം കായ്കനികളും നാം അതിലൂടെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരമാണ് മരിച്ചവരെയും നാം പുറത്തുകൊണ്ടുവരുന്നത്. നിങ്ങൾ സ്മരിക്കുന്നവരെങ്കിൽ."*

കാലവർഷക്കാറ്റ്, മഴ, നദികൾ, സമുദ്രങ്ങൾ, മറ്റു ജലസ്രോതസ്സുകൾ മുതലായ ജലസംഭരണികളും സംവിധാനങ്ങളും കൊണ്ട് അനുഗൃഹീതമായ ഒരു ഗ്രഹമാകുന്നു ഭൂമി.

*"അതിൽ (ഭൂമിയിൽ) അവൻ ഉറച്ചുനില്ക്കുന്ന പർവതങ്ങൾ സ്ഥാപിക്കുകയും അതിൽ അഭിവൃദ്ധി ഉണ്ടാക്കുകയും അതിലെ ആഹാരങ്ങൾ അവിടെ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു. നാല് ദിവസങ്ങളിലായിട്ടാണ് അത് ചെയ്തത്, ആവശ്യപ്പെടുന്നവർക്കുവേണ്ടി ശരിയായ അനുപാതത്തിൽ."* (41: 10)

ഇവിടെ എടുത്തുപറഞ്ഞ അഭിവൃദ്ധി, ആഹാരം എന്നിവ കൊണ്ട് ഉദ്ദേശിക്കുന്നത് ലക്ഷക്കണക്കിന് വർഷങ്ങളായി ഭൂമിയിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങളാണ്. ഭൂമിയിൽ ഏതെല്ലാം ഗണത്തിൽ പെട്ട ജീവികളുണ്ടോ അവയ്ക്കെല്ലാം ആവശ്യമായ വിഭവങ്ങളെല്ലാം അതിൽ പെടും. അതിൽ വളരെ പ്രധാനമാണ് ജലം. അതിൻെറ സഹായത്താലാണ് ഭൂമിയിൽ ജീവഗണങ്ങളുടെ ജീവിതം സുസാധ്യമാകുന്നത്.

#### ജലചംക്രമണം



ജലചംക്രമണരീതി

കാലവർഷം, ഇടി, മിന്നൽ, മഴ, മിതകാലാവസ്ഥ, കാറ്റ് എന്നിവ മുഖേന സംഭവിക്കുന്ന ജലചാക്രിക സംവിധാനത്താലും നദികൾ, സമുദ്രങ്ങൾ, ഭൂഗർഭജലം മറ്റു ജലാശയങ്ങൾ എന്നീ ജലസ്രോതസ്സുകളാലും ഏറെ അനുഗൃഹീതമായ ഗ്രഹം ഭൂമി മാത്രമാണ്. 1400 വർഷങ്ങൾക്കു മുമ്പു തന്നെ ഈ ജലചാക്രിക സംവിധാനത്തെപ്പറ്റി ഖുർആൻ ലോകത്തെ പരിചയപ്പെടുത്തി. ആധുനിക ശാസ്ത്രം അതിൻെറ നിഗമനങ്ങൾക്കും പഠനങ്ങൾക്കുമൊടുവിൽ ഖുർആൻെറ പരാമർശങ്ങളെ അനുകൂലിക്കുകയാണ് ചെയ്യുന്നത്.

സൃഷ്ടിയുടെ പ്രാരംഭവേളയിൽതന്നെ സ്രഷ്ടാവ് അന്ത്യദിനം വരെ ഭൂഗോളത്തിൻെറ ആവശ്യങ്ങൾക്ക് മതിയാകുന്നത്ര ജലം മണ്ണിൽ നിക്ഷേപിച്ചിട്ടുണ്ട്. അത് ഭൂമിയുടെ താഴ്ന്ന ഭാഗങ്ങളിൽ ശേഖരിക്കപ്പെട്ടു. ഭൂഗർഭത്തിലും ജലമുണ്ടായി. ചൂടും തണുപ്പും കാറ്റും മുഖേന മാറിമറിഞ്ഞുവരുന്നത് ഇതേ വെള്ളംതന്നെയാണ്. മലകളുടെ സഹായത്തോടെ മഴയായി നദികൾ, ഉറവിടങ്ങൾ, കിണറുകൾ എന്നിവയിലൂടെ ഭൂമി

യുടെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുന്നതും എണ്ണമറ്റ വസ്തുക്കളുടെ വളർച്ചയിൽ സഹായകമാകുന്നതും അനന്തരം വീണ്ടും ആവിയായി അന്തരീക്ഷത്തിൽ ലയിച്ച് വീണ്ടും മഴയായി പെയ്തിറങ്ങുന്നതും ഈ വെള്ളം തന്നെ.

ഖുർആൻ പറഞ്ഞു:

*"അവനാണ്(ഏകദൈവം) നിങ്ങൾക്ക് ആകാശത്തുനിന്ന് ജലം വർഷിപ്പിച്ചുതരുന്നത്. അതിൽ നിന്ന് നിങ്ങൾ കുടിക്കുന്നു. നിങ്ങളുടെ മൃഗങ്ങൾക്ക് തീറ്റയുണ്ടാക്കുന്നു. അവൻ ആ ജലം കൊണ്ട് വിളകളെ മുളപ്പിക്കുന്നു. ഒലിവും ഈത്തപ്പഴവും മുന്തിരിയും മറ്റെല്ലാതരം ഫലങ്ങളും ഉല്പാദിപ്പിക്കുന്നു. ഇതിൽ ചിന്തിക്കുന്ന ജനത്തിന് മഹത്തായ ദൃഷ്ടാന്തമുണ്ട്."* (16: 10-11)

മഴവെള്ളം ഏത് രാജ്യത്തായാലും ഒരേ ജലം തന്നെയാണ്. പക്ഷേ, അതിൽനിന്ന് വിവിധ നിറവും രുചിയുമുള്ള പഴവർഗങ്ങൾ എങ്ങനെയാണ് ഉല്പാദിപ്പിക്കപ്പെടുന്നത്? മഴയെ ശാസ്ത്രം പഠനവിധേയമാക്കിയിട്ടുണ്ട്. അവ എങ്ങനെയാണ് മണ്ണിനും ചെടികൾക്കും ഉപകരിക്കുന്നതെന്നും അത് മനസ്സിലാക്കിയിട്ടുമുണ്ട്. പക്ഷേ, ഒരേ മഴയിൽനിന്ന് എങ്ങനെ വിവിധ തരം ഫലങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന ചോദ്യത്തിനു മുമ്പിൽ അത് മൂകമാണ്. ഈ വിസ്മയം മനുഷ്യചിന്തയെയും ബുദ്ധിയെയും ഏകദൈവത്തിലേക്ക് നയിക്കേണ്ട ശക്തമായ അത്ഭുതദൃഷ്ടാന്തമാണ്.

ഖുർആൻ പ്രസ്താവിച്ചു:

*"നാം വിണ്ണിൽനിന്നും അനുഗൃഹീതമായ തണ്ണീരിറക്കി. എന്നിട്ടതുവഴി തോട്ടങ്ങളും ധാന്യവിളകളും മുളപ്പിച്ചു. പഴങ്ങൾ തിങ്ങിയ കുലകൾ അടുക്കടുക്കായി തൂങ്ങുന്ന, നീണ്ടുയർന്ന കാരക്കവൃക്ഷങ്ങളും വളർത്തി. അടിമകൾക്ക് ആഹാരം നല്കാനുള്ള സംവിധാനമാണത്. മരിച്ച ഭൂമിക്ക് ഈ ജലത്താൽ നാം ജീവനരുളുന്നു. ഇപ്രകാരമാകുന്നു മരിച്ചവരെയും ജീവിപ്പിക്കുന്നത്."* (ഖാഫ് 9-11)

ഹൈഡ്രജനും ഓക്സിജനും ചേർന്നാണ് ജലമുണ്ടാകുന്നതന്ന കാര്യം സുവിദിതമാണ്. സമുദ്രങ്ങൾ നിറയെ ജലം കാണുന്നു. ഭൂമിയുടെ ഉപരിതലത്തിൽ ഏകദേശം മൂന്നിൽ രണ്ടുഭാഗം വെള്ളമാണ്. ഹൈഡ്രജനും ഓക്സിജനും ഇപ്പോഴും അന്തരീക്ഷത്തിൽ ധാരാളമുണ്ട്. എന്നിട്ടും ഈ രണ്ടു ഘടകങ്ങൾക്കും ആ പ്രത്യേക അനുപാതത്തിലുള്ള സംയോജനമല്ലാതെ സംഭവിക്കുന്നില്ല. നീരാവിയിലെ ഓക്സിജനും ഹൈഡ്രജനും വേർതിരിഞ്ഞ് അന്തരീക്ഷത്തിലെ ഓക്സിജനുമായും ഹൈഡ്രജനുമായും കൂടിച്ചേരുന്ന് ജീവികളുടെ നിലനില്പിന് ഭീഷണിയാകുന്നുമില്ല. ഖുർആൻ പറഞ്ഞു:

*"നിങ്ങൾ കുടിക്കുന്ന ജലത്തെ നിങ്ങൾ കണ്ടില്ലേ? മേഘങ്ങളിൽനിന്ന് അതിനെ വർഷിപ്പിക്കുന്നത് നിങ്ങളാണോ അതല്ല, നാമാണോ അതിനെ വർഷിപ്പിക്കുന്നവൻ?"* (അൽവാഖിഅ)

ഭൂമിയിലെ ജലസംഭരണികളിൽനിന്ന് സൗരോർജം ജലത്തെ ബാഷ്പീകരിച്ചു കാറ്റ് മുഖേന അന്തരീക്ഷത്തിലെ ഒരു പ്രത്യേക മേഖലയിലേക്ക് അതിനെ ഉയർത്തുകയും വീണ്ടും നിശ്ചിത ഡിഗ്രി താപത്താൽ അതിനെ നീരാവിയാക്കുന്നു. പിന്നീടവയെ മേഘങ്ങളാക്കുന്നു. അവയെ കാറ്റ് മുന്നോട്ടുകൊണ്ടുപോകുംതോറും ശൈത്യം അതിനെ ജലതുള്ളികളാക്കുന്നു. പിന്നീടവ നിശ്ചിത അനുപാതത്തിൽ ഭൂമിയുടെ വിവിധ മേഖലകളിൽ ആവശ്യാനുസൃതം ജലമായി വർഷിക്കുന്നു. ഇതെല്ലാം ചെയ്യുന്നത് ഏകദൈവത്തിൻെറ ഇചയും യുക്തിയുമനുസരിച്ചാകുന്നു. മനുഷ്യർക്കതിൽ പങ്കില്ല. ഈ സംവിധാനത്തിന് പകരം അതിനെ നിത്യമായി ആവിയാക്കി മാറ്റാൻ ദൈവത്തിന് കഴിയുമായിരുന്നു. ഇതാണ് പ്രസ്തുത വചനത്തിൻെറ ആശയം.

ജലം വറ്റാതിരിക്കുകയും കാലാകാലവും ഉപയോഗിക്കാൻ പറ്റുന്ന അവസ്ഥയിൽ ജലത്തെ ഉപേക്ഷിക്കുകയും ചെയ്യാമായിരുന്നില്ലേ? ഇങ്ങനെ ഒരു ജലചംക്രമണരീതി എന്തുകൊണ്ട് ഏർപ്പെടുത്തി?

ഉത്തരം വളരെ ലളിതവും എന്നാൽ വളരെ ഗൗരവതരവുമാകുന്നു.

1. മനുഷ്യർക്കും ജീവികൾക്കും മാത്രമല്ല, ഭൂമിയിലെ ജലം വകയിരിത്തിയിട്ടുള്ളത്. അവയുടെ മുഖ്യ ആഹാരമായ കൃഷിക്കും അത് ആവശ്യമാണ്. അത് മഴയായി

വർഷിച്ചെങ്കിൽ മാത്രമേ അവയ്ക്ക് ആഹാരം ലഭിക്കുകയുള്ളൂ. അതുവഴി മറ്റുള്ളവയ്ക്കും.

2. കെട്ടിക്കിടക്കുന്ന ജലം കുറേ കഴിയുമ്പോൾ മലിനമാകുകയും പരിസ്ഥിതി പ്രശ്നം ഉണ്ടാകുകയും ആ ജലം ഉപയോഗ്യശൂന്യമാവുകയും ചെയ്യും. നേരത്തെ പറഞ്ഞ രീതിയിൽ നീരാവിയായി ഉയരുമ്പോൾ അതിലെ എല്ലാ മാലിന്യങ്ങളെയും കലർപ്പുകളെയു താഴെ ഉപേക്ഷിക്കുകയും ശുദ്ധജലത്തിൻെറ മൗലികഗുണങ്ങളെ മാത്രം അത് ഉൾക്കൊള്ളുകയും ചെയ്യുന്നു. അതിന് പകരം ഭൂമിയിൽ കെട്ടിനില്ക്കുന്ന അവസ്ഥയിൽ തന്നെ ബാഷ്പീകരിക്കപ്പെട്ടിരുന്നെങ്കിൽ ഭൂമിയിൽ വീണ്ടും അതു തന്നെ വർഷിക്കപ്പെടുകയും ഉപ്പുജലം മണ്ണിനെ ഊഷരമാക്കുകയും ചെയ്യുമായിരുന്നു. ജീവജാലങ്ങൾക്കും അത് ഉപകാരപ്പെടുകയില്ല.
3. അന്തരീക്ഷത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള പലതരം മാലിന്യങ്ങളെയും കഴുകി അന്തരീക്ഷത്തെ വൃത്തിയാക്കുകയും ജനങ്ങൾക്ക് സുഖദായകമായ അവസ്ഥ അന്തരീക്ഷത്തിൽ നിലനിർത്തുകയും വേണം. അതിന് ഈ സംവിധാനം ആവശ്യമാണ്.
4. അന്തരീക്ഷത്തിലേക്കുയർന്ന് രൂപം കൊള്ളുന്ന മേഘങ്ങളിലെ വൈദ്യുതിയുടെ പ്രവർത്തനം മൂലം ഇടിമിന്നൽ ഉണ്ടാവുകയും അത് മണ്ണിന് ആവശ്യമായ ജൈവ പദാർഥങ്ങളെ ഉണ്ടാക്കുകയും വേണം. ഇത്യാദി കാരങ്ങളാലാവാം മഴ എന്ന സംവിധാനം സ്രഷ്ടാവ് സ്വീകരിച്ചിട്ടുണ്ടാവുക. (എല്ലാം അറിയുന്നവൻ ദൈവമാകുന്നു)

ഈ രീതി ഒരിക്കലും ദൈവത്തിനല്ലാതെ മറ്റൊരു ശക്തിക്കും സാധിക്കു കയില്ല എന്ന ധ്വനി കൂടി ഈ നേരത്തെ സൂചിപ്പിച്ച വചനത്തിൽ ഉണ്ട്.

### മഴയുടെ പ്രവർത്തനം

ഭൂമിക്ക് ധാരാളം സുഷിരങ്ങൾ ഉണ്ട്. സാധാരണഗതിയിൽ അതിൽ വായു നിറഞ്ഞിരിക്കും. എന്നാൽ മഴവെള്ളം അതിൽ പ്രവേശിക്കുകയും വായു പുറത്ത് കടക്കുകയും ചെയ്താൽ അതിൻെറ മർദം മൂലം മണ്ണിൻെറ അംശങ്ങൾക്ക് ചലനമുണ്ടാകുന്നു. നനയുമ്പോൾ വികസിക്കുകയും ഉണങ്ങുമ്പോൾ ചുരുങ്ങുകയും ചെയ്കയെന്നതാണ് അതിൻെറ സ്വഭാവം. മഴ ലഭിക്കുന്നതോടെ ഭൂമി കിടിലം കൊള്ളുകയും അതിൻെറ പിണ്ഡത്തിന് വലുപ്പം കൂടുകയും ചെയ്യുന്നു. ഖുർആൻ പറഞ്ഞു:

*“ഭൂമി വരണ്ടുകിടക്കുന്നതായി നീ കാണുന്നു. പിന്നെ നാമതിൽ മഴ വർഷിപ്പിച്ചാൽ പെട്ടെന്ന് അത് തുടികൊള്ളുന്നു, പുഷ്പിണിയാകുന്നു. കൗതുകമാർന്ന സകലയിനം ചെടികളെയും മുളപ്പിച്ചുതുടങ്ങുന്നു. അല്ലാഹു തന്നെയാകുന്നു യാഥാർഥ്യം.”* (22: 5)

*“ഭൂമിയെ വാസയോഗ്യമാക്കിയതും അതിലങ്ങിങ്ങ് നദികളൊഴുക്കിയതും (പർവതങ്ങളാൽ) അതിന് നങ്കൂരങ്ങളുറപ്പിച്ചതും രണ്ട് ജലാശങ്ങൾക്കിടയിൽ മറയുണ്ടാക്കിവെച്ചതും ആരാകുന്നു? അല്ലാഹുവോടൊപ്പം മറ്റു പങ്കാളികളുണ്ടോ? ഇല്ല. പക്ഷേ, അവരിൽ അധിക പേരും അജ്ഞാനികളാകുന്നു.”* (27: 61)

### ജലനിക്ഷേപങ്ങൾ

ഭൂമിക്കടിയിൽ ശുദ്ധജലത്തിൻെറയും ഉപ്പുജലത്തിൻെറയും നിക്ഷേപങ്ങൾ ധാരാളം സംവിധാനിച്ചുവെച്ചിട്ടുണ്ട്. അവ തമ്മിൽ ഒരിക്കലും കൂടിച്ചേരുന്നില്ല. ഒരേ പ്രദേശത്തു തന്നെ ഭൂമിക്കടിയിൽ ശുദ്ധജലത്തിൻെറയും ഉപ്പുവെള്ളത്തിൻെറയും ഉറവകൾ വെവ്വേറെ ഒഴുകിക്കൊണ്ടിരിക്കുന്നു. ഉപ്പുജല സമുദ്രങ്ങളിൽതന്നെയും ചില സ്ഥലങ്ങളിൽ ശുദ്ധജലഉറവകൾ കാണാം. ഈ ശുദ്ധജല ധാരകൾ സമുദ്രസഞ്ചാരികൾക്ക് കുടിവെള്ളം എടുക്കാൻ പറ്റിയ വിധത്തിൽ വേർതിരിഞ്ഞുനില്ക്കുന്നു. മിക്കപ്പോഴും നദികൾ സമുദ്രവുമായി കൂടിച്ചേരുന്ന സ്ഥലങ്ങളിലാണ് ഇത് കാണപ്പെടുന്നത്. സമുദ്രത്തിൽ തന്നെ അവിടവിടെ ശുദ്ധജലത്തിൻെറ ഉറവകൾ കാണാം. പേർഷ്യൻ ഗൾഫിൽ ഇത്ത

രം ശുദ്ധജല ഉറവകൾ ധാരാളം കാണപ്പെടുന്നുണ്ട്. ഈ വിഷയം സമുദ്രങ്ങളെ സംബന്ധിച്ച പരാമർശത്തിൽ കാണാം.

ഇതെ സംബന്ധിച്ച് ഖുർആൻ പ്രസ്താവിച്ചു:

*"ജലത്തിന്റെ രണ്ട് ശേഖരങ്ങൾ ഒരുപോലെയല്ല. ഒന്ന് ശുദ്ധവും ദാഹം ശമിപ്പിക്കുന്നതും സുഗമമായി കുടിക്കാവുന്നതുമാകുന്നു. മറ്റേതോ, തൊണ്ട കാറുന്ന കവർപ്പുറ്റതും. പക്ഷേ, രണ്ടിൽനിന്നും നിങ്ങൾ പുതുമാംസം ഭുജിക്കുന്നുണ്ട്. അണിയാനുള്ള അലങ്കാരവസ്തുക്കൾ പുറത്തെടുക്കുകയും ചെയ്യുന്നു."* (ഫാത്വിർ 12)

ഇതെല്ലാം താനെ ഉണ്ടായതോ, പ്രകൃതിയുടെ താളത്തിനനുസരിച്ച് ഉണ്ടാവുകയോ അല്ല. ശക്തനായ ഒരു നിർമാതാവില്ലാതെ ഇതൊന്നും ഇത്ര വ്യവസ്ഥാപിതമായി സംഭവിക്കുകയില്ല. മനുഷ്യബുദ്ധിയെ തൊട്ടുണർത്തി അവൻ ചോദിച്ചു:

*"അവരോട് ചോദിച്ചുനോക്കുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, നിങ്ങളുടെ കിണറുകളിലെ വെള്ളം ഭൂമിയിൽ താണുപോവുകയാണെങ്കിൽ ആരാണ് നിങ്ങൾക്ക് തെളിനീരുറവകളൊഴുക്കിത്തരിക?"* ( 67: 30)

ഖുർആൻ പറഞ്ഞു:

*"നിങ്ങൾക്ക് മീതെ നാം സപ്തപഥങ്ങൾ നിർമിച്ചിട്ടുണ്ട്. സൃഷ്ടികാര്യത്തിൽ നാം ഒട്ടും അശ്രദ്ധനായിട്ടില്ല. ആകാശത്തുനിന്ന് നാം കണിശമായ കണക്ക് പ്രകാരം ഒരു നിശ്ചിത പരിമാണം ജലമിറക്കി. അതിനു മീതെ ഭൂമിയെ നിർത്തി. എങ്ങനെ വേണമെങ്കിലും അതിനെ പോക്കിക്കളയുവാൻ നാം കഴുവറ്റവനത്രെ."* (23: 18)

നാം സ്വയം ചോദിക്കുക: ഒരു സൃഷ്ടികർത്താവില്ലെങ്കിൽ പിന്നെ ഇതെല്ലാം ഇത്ര ഭംഗിയായും വ്യവസ്ഥാപിതമായും സംതുലിതമായും ചലിച്ചുകൊണ്ടിരിക്കുന്നതെങ്ങനെ? അവന് വേറെ വല്ല പങ്കാളികളും അതിൽ ഉണ്ടായിരുന്നെങ്കിൽ ഇതെങ്ങനെ നശിക്കാതെ നിലനില്ക്കും? ആരാണ് ആ പങ്കാളികൾ? എന്താണ് അവരുടെ കഴിവുകൾ?

*"അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവങ്ങളും ഈ സംഗതികളിൽ പങ്കുകാരായി ഉണ്ടോ? പറയുക: നിങ്ങൾ സത്യവാന്മാരാണെങ്കിൽ തെളിവ് ഹാജരാക്കുവിൻ."* (27: 64)

ഖുർആൻ ചോദിച്ചു: